LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്	292
വയനാട്	41
കണ്ണൂർ	181
കാസർഗോഡ്	23
ആകെ	2572

(സി) സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന രീതിയിൽ പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

സ്വയം ആധാരം തയ്യാറാക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പത്തൊമ്പത് ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റായ www.keralaregistration.gov.in - ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

284(5443) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ മോശപ്പെട്ട അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്.

(ബി) ഈ ഓഫീസിന് പിറകിൽ വർഷങ്ങളായി നിർമ്മാണം പാതിവഴിയിലായ കെട്ടിടത്തിന്റെ തുടർനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

(ബി&സി) വൈക്കം സർക്കിൾ സഹകരണ യൂണിയന്റെ ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തിന്റെ തുടർനിർമ്മാണ പ്രവൃത്തികൾ യൂണിയന്റെ സാമ്പത്തിക പരാധീനതകൾ മൂലമാണ് പാതിവഴിയിൽ നിലച്ചുപോയത്.

ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന നടപടി

285(5444) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ ഓഫീസുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ; പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കാമോ?

278 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി വിജയകരമാണ്.

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

286(5445) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള വിവിധ സാധ്യതകൾ പരിഗണനയിലാണ്.